# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **1173**

12-07-2016 ൽ മറുപടിയ്ക്ക്

### വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്.ശർമ്മ :<br>ശ്രീ. കെ.ദാസൻ :<br>ശ്രീ. ജോൺ ഫെർണാണ്ടസ് :<br>ശ്രീ. സി.കെ.ഹരീന്ദ്രൻ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ പ്രവർത്തനം തൃപ്തികരമാണോ ; വിശദാംശം അറിയിക്കുമോ ; | (എ) ടെർമിനലിന്റെ പ്രവർത്തനശേഷി 40% മാണ്. മുൻ വർഷത്തെ അപേക്ഷിച്ച് 14.5% വളർച്ചാ നിരക്കോടെ 4.20 ലക്ഷം TEUS ആണ് 2015-16 ൽ ടെർമിനലിന്റെ ഔട്ട് പുട്ട്. 2016-17 ലെ ആദ്യപാദത്തിൽ ടെർമിനൽ output 2015-16 ലെ output ആയ 1.33 ലക്ഷം TEUS ൽ നിന്നും 27.1% വർദ്ധിച്ച് 1.69 ലക്ഷം TEUS ആയി. യൂറോപ്പ്, മെഡിറ്ററേനിയൻ, മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലേയ്ക്ക് ടെർമിനലിന് വെസൽ സർവ്വീസ് ഉണ്ട്. കേരളത്തിനും സമീപ പ്രദേശങ്ങൾക്കും മത്സരാധിഷ്ഠിത exim trade ന് ടെർമിനൽ സഹായിക്കുന്നുണ്ട്. |
| (ബി) വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ സ്ഥാപിതമായതിന്റെ ഭാഗമായി എത്രപേർക്ക് പുതുതായി തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ; മുമ്പ് കൊച്ചി തുറമുഖത്ത് എത്ര പേർക്ക് തൊഴിൽ ലഭിച്ചിരുന്നു; വ്യക്തമാക്കാമോ ; | (ബി) വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ കോൺട്രാക്ട് ജീവനക്കാർ ഉൾപ്പടെ 520 ജീവനക്കാർക്ക് തൊഴിൽ നൽകുന്നു. കൊച്ചി തുറമുഖം നിർവ്വഹണം നടത്തുന്ന രാജീവ് ഗാന്ധി കണ്ടെയ്നർ ടെർമിനലിൽ 300 പേർക്ക് നേരിട്ട് നിയമനം നൽകിയിട്ടുണ്ട്. |

| | |
|---|---|
| (സി) ഈ പദ്ധതി ആരംഭിച്ച ശേഷം കൊച്ചിൻ പോർട്ട് ട്രസ്റ്റിനു ലഭിച്ച റവന്യൂ പങ്കും കപ്പൽ ചാലിലെ മണ്ണു നീക്കുന്നതിനും മറ്റുമായി (ഡ്രെഡ്ജിംഗ്) ചെലവഴിച്ച തുക എത്രയെന്നും അറിയിക്കാമോ ? | (സി) ICCTT വല്ലാർപാടം 11-02-2011 ൽ പ്രവർത്തനം ആരംഭിച്ചതിനു ശേഷം 33.3% റവന്യൂ ഷെയറായി 31-03-2016 വരെ 311.91 കോടി രൂപ ലഭിച്ചിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| വർഷം | DP World ന്റെ വാർഷിക കണക്ക് പ്രകാരം ICCTT യ്ക്ക് ലഭിച്ച റവന്യൂ |
|---|---|
| 2010-11 | Rs. 107.99 CR (പ്രോജക്റ്റ് വല്ലാർപാടത്തേക്ക് 11-02-2011 ൽ മാറ്റി) |
| 2011-12 | Rs. 150.91 CR |
| 2012-13 | Rs.161.20 CR |
| 2013-14 | Rs. 162.41 CR |
| 2014-15 | Rs. 175.82 CR |
| 2015-16 | Rs. 204.60 CR |

ക്യാപിറ്റൽ ഡ്രഡ്ജിംഗിനായി 340.24 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**